**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 969** **31-01-2024 - ൽ മറുപടിയ്ക്ക്**

**ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതു മൂലം കോതമംഗലം നഗരസഭക്കും മണ്ഡലത്തിലെ പഞ്ചായത്തുകൾക്കും കുടിവെള്ളത്തിനും ജലസേചനത്തിനും ഉപകാരപ്രദമായ ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കു അനുമതി ലഭ്യമാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ? | (ബി) | ടി പദ്ധതിയുമായി ബന്ധപ്പെട്ട പ്രൊപ്പോസലിന്മേൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ട ചില അധിക വിവരങ്ങൾ പരിവേഷ് പോർട്ടലിലെ സാങ്കേതിക പ്രശ്നങ്ങൾ മൂലം നൽകുവാൻ സാധിക്കാത്തതിനാലാണ് അനുവാദം ലഭ്യമാകാത്തത് . ടി സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുവാൻ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC) യോട് ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയത്തിൽ നിന്നും ആവശ്യപ്പെട്ടിരുന്നു.<br><br>തുടർന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ട വിവരങ്ങൾ പോർട്ടലിൽ സർക്കാർ തലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ